## VI. **അറിയിപ്പ്**

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....നാളെ ലെബനിൽ വച്ച് നടക്കുന്ന യാക്കോബായ സഭയുടെ മെത്രോപൊലീത്ത ജോസഫ് മാർ ഗ്രിഗോറിയസിന്റെ കത്തോലിക്കാ സ്ഥാനാരോഹണ ചടങ്ങിന് സംസ്ഥാന സർക്കാരിന്റെ പ്രതിനിധി സംഘത്തിന്റെ ഭാഗമായി പങ്കെടുക്കുന്നതിനാൽ ഇന്നും നാളെയും സഭാ നടപടികളിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവും പ്രസ്തുത പ്രതിനിധി സംഘത്തിൽ അംഗങ്ങളായ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, ശ്രീ. ജോബ് മൈക്കിൾ, ശ്രീ. പി. വി. ശ്രീനിജിൻ എന്നിവർ അറിയിച്ചിട്ടുണ്ട്. കൂടാതെ നബാർഡ് ചെയർമാനുമായി മുംബൈയിൽ വച്ച നടക്കുന്ന ചർച്ചയിൽ പങ്കെടുക്കേണ്ടതിനാൽ ഇന്ന് സഭയിൽ ഹാജരാകാൻ സാധിക്കില്ലെന്ന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനും ചെയറിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആരോഗ്യപരമായ കാരണങ്ങളാൽ ഇന്നത്തെ സഭാനടപടികളിൽ പങ്കെടുക്കാൻ സാധിക്കില്ലെന്ന് ബഹു. വൈദ്യുതി വകുപ്പുമന്ത്രിയും ബഹു. ആരോഗ്യ-വനിത-ശിശുവികസന

വകുപ്പുമന്ത്രിയും വ്യക്തിപരമായ കാരണങ്ങളാൽ പങ്കെടുക്കാൻ സാധിക്കില്ലെന്ന് ബഹു. വനം-വന്യജീവി വകുപ്പുമന്ത്രിയും രേഖാമൂലം സഭയെ അറിയിച്ചിട്ടുണ്ട്.